GTLPS CHETTIYAMPARA - PALODE SUB-DISTRICT.

# ACADEMIC MASTER PLAN.

2025 - 26.

# ആമുഖം.

പാലോട് സബ്.ജില്ലയിലെ തൊളിക്കോട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന LP സ്കൂളാണ് ഗവ.ട്രൈബൽ LPS ചെട്ടിയാംപാറ. 1956ൽ സ്ഥാപിതമായ ഈ സ്കൂളിൽ പഠിക്കുന്നവരിൽ ഭൂരിഭാഗവും ST വിഭാഗത്തിൽ നിന്നുള്ള കുട്ടികളാണ്. 2025 അധ്യയന വർഷത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി 37 കുട്ടികളും പ്രീ-പ്രൈമറി വിഭാഗത്തിൽ 23 കുട്ടികളും ഉൾപ്പെടെ 60 കുട്ടികൾ സ്കൂളിൽ പഠിക്കുന്നുണ്ട്. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 4 അധ്യാപകരാണ് LP വിഭാഗത്തിൽ ജോലി നോക്കുന്നത്. പ്രീ-പ്രൈമറി വിഭാഗത്തിൽ ഒരു അധ്യാപിക ജോലി നോക്കുന്നുണ്ട്. ഒരു PTCM ഉം സ്കൂളിൽ ഉണ്ട്. പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന ഈ സ്കൂളിൽ കുട്ടികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചു വരുന്നു. (2022-23- 35 കുട്ടികൾ; 2023-24- 48 കുട്ടികൾ; 2024-25- 57 കുട്ടികൾ) കലോത്സവ വിജയം, ശാസ്ത്രോത്സവ വിജയം, LSS വിജയം എന്നിവ സ്കൂളിനെ കൂടുതൽ പുരോഗതിയിലേയ്ക്ക് നയിക്കുന്നു. ഏറ്റവും മികച്ച 10 തനതു പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഈ വർഷം സ്കൂളിൽ നടപ്പിലാക്കുന്നത്.

| പ്രവർത്തനങ്ങൾ. | |
| --- | --- |
| 1 | വായന വസന്തം. |
| 2 | അമ്മ വായന. |
| 3 | കൈത്തിരി. |
| 4 | നാടകീകരണം |
| 5 | Let's Speak English |
| 6 | ഗണിതം മധുരം |
| 7 | ജില്ലകളിലൂടെ.... |
| 8 | ഒപ്പം- ആത്മവിശ്വാസ പരിപോഷണ പരിപാടി. |
| 9 | ലഘു പരീക്ഷണങ്ങൾ. |
| 10 | ദിനാചരണ ക്വിസ്. |

## പ്രവർത്തനം 1.

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന വസന്തം | സ്കൂളിന് മുന്നിൽ ഒരുക്കിയിട്ടുള്ള പുസ്തക റാക്കിൽ എല്ലാ ദിവസവും പുസ്തകങ്ങൾ ക്രമീകരിക്കുന്നു. എല്ലാ ക്ലാസുകാർക്കും അനുയോജ്യമായ പുസ്തകങ്ങളും വായന കാർഡുകളും ഉണ്ടാകും. കുട്ടികൾ അവരുടെ ഇഷ്ടാനുസരണം പുസ്തകങ്ങൾ എടുത്ത് വായിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നു. മികച്ച കുറിപ്പുകൾക്ക് സമ്മാനം നൽകുന്നു. | 2025 ജൂൺ 2 മുതൽ 2026 മാർച്ച് 31 വരെ | HM, അധ്യാപകർ ക്ലാസ് ലീഡർമാർ കുട്ടികൾ | പുസ്തക റാക്ക് ഗൗരി ശങ്കർ എന്ന കുട്ടി സംഭാവനയായി നൽകി. ലൈബ്രറി പുസ്തകങ്ങൾ, BRC വഴി ലഭിച്ച പുസ്തകങ്ങൾ എന്നിവ ഉപയോഗിക്കുന്നു. സമ്മാനങ്ങൾ നൽകാൻ 1000 രൂപ. |

## പ്രവർത്തനം-2.

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അമ്മവായന | തിങ്കളാഴ്ച ലൈബ്രറി പുസ്തകങ്ങൾ വീടിൽ കൊടുത്തു വിടുന്നു. അമ്മമാരുടെ സഹായത്തോടെ വായിക്കുന്നു. കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുന്നു./വായിച്ച കഥ പറയുന്നു. മികച്ച അവതരണത്തിന് അംഗീകാരം നൽകുന്നു. കുറിപ്പുകൾ വർഷാവസാനം 'അമ്മ വായന'- കുറിപ്പുകൾ ആയി പ്രസിദ്ധീകരിക്കുന്നു. | 1 വർഷം (ഒരു അധ്യയന വർഷം.) | അധ്യാപകർ, കുട്ടികൾ, PTA MPTA, രക്ഷിതാക്കൾ. | പുസ്തകങ്ങൾ സംഭാവനയായി സ്വീകരിക്കുന്നു |

## പ്രവർത്തനം - 3.

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ. | കാലയളവ് | ചുമതല. | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൈത്തിരി | പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രത്യേക പരിപാടി. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. രാവിലെ, ഉച്ചയ്ക്ക്, വൈകുന്നേരം എന്നീ സമയങ്ങളിൽ കുട്ടികൾ പ്രത്യേക പരിശീലനം നൽകുന്നു. ഇടക്കാല വിലയിരുത്തലിലൂടെ പഠന പുരോഗതി വിലയിരുത്തുന്നു. | 10 മാസം | കുട്ടികൾ<br>അധ്യാപകർ<br>രക്ഷിതാക്കൾ. | 1000 രൂപ. |

## പ്രവർത്തനം - 4

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാടകീകരണം | പാഠഭാഗങ്ങൾ നാടകങ്ങൾ ആക്കി മാറ്റുന്നു. പരിശീലനത്തിന് ശേഷം അസംബ്ലിയിലും പ്രത്യേക അവസരങ്ങളിലും CPTA, പഠനോത്സവം, വാർഷികം തുടങ്ങിയ വേദികളിലും അവതരിപ്പിക്കുന്നു. ഈ പ്രവർത്തനം വഴി LSRW- കഴിവുകൾ നന്നായി വികസിക്കും. (മുൻ വർഷങ്ങളിലെ അനുഭവങ്ങൾ അങ്ങനെയാണ്) | ഒരു അധ്യയന വർഷം. | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ | 5000 രൂപ. |

## പ്രവർത്തനം -5

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| Let's Speak English. | ഇംഗ്ലീഷ് ക്ലാസുകൾ ഇംഗ്ലീഷിൽ മാത്രം കൈകാര്യം ചെയ്യുന്നു. Simple English നിരന്തരം ഉപയോഗിക്കുന്നതു വഴി കുട്ടികളും ക്രമേണ ഇംഗ്ലീഷ് സംസാരിച്ചു തുടങ്ങുന്നു. ദിനാചരണങ്ങൾ, വിശേഷ അവസരങ്ങൾ തുടങ്ങിയ സന്ദർഭങ്ങൾ ഇംഗ്ലീഷ് പരിപാടികൾക്കും അവസരം നൽകുന്ന രൂപത്തിൽ ആസൂത്രണം ചെയ്യുന്നു. CPTA-യിൽ കുട്ടികൾ English പരിപാടികൾ അവതരിപ്പിക്കുന്നു. ആഴ്ചയിലൊരിക്കൽ English അസംബ്ലി നടത്തുന്നു. | ഒരു അധ്യയന വർഷം | അധ്യാപകർ കുട്ടികൾ | |

## പ്രവർത്തനം-6.

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരം. | SSK യിൽ നിന്നും ലഭിച്ച ഗണിത പഠനോപകരണങ്ങൾ ഉപയോഗിച്ച് ഗണിത പഠനം രസകരമാക്കുന്നു. (ഏണിയും പാമ്പും etc.) ഗണിത ക്വിസ്, പസിലുകൾ, നമ്പർ ചാർട്ട്, Geometrical Chart എന്നിവ തയ്യാറാക്കുന്നു. | 10 മാസം | BRC അധ്യാപകർ കുട്ടികൾ | 1000 രൂപ. |

## പ്രവർത്തനം - 7

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജില്ലകളിലൂടെ | കേരളത്തിന്റെ MAP പ്രയോജനപ്പെടുത്തി 'Map reading' പരിശീലനം നൽകുന്നു. കുട്ടികൾ കേരളത്തിന്റെ MAP വരക്കുന്നു. നിറം നൽകുന്നു. ജില്ലകൾ അടയാളപ്പെടുത്തുന്നു. കടുക്, മഞ്ചാടി തുടങ്ങിയ സാധനങ്ങൾ ഉപയോഗിച്ചും MAP തയ്യാറാക്കുന്നു. കുട്ടി വരച്ച MAP- ജില്ലകൾ വെട്ടിയെടുക്കുന്നു. തുടർന്ന് വെട്ടിയെടുത്ത ജില്ലകൾ ശരിയായി ചേർത്തുവച്ച് കേരളം തയ്യാറാക്കുന്നു. ഇടയ്ക്ക് കേരള ക്വിസ് നടത്തുന്നു. | 1 അധ്യയന വർഷം | അധ്യാപകർ കുട്ടികൾ | 2000/- രൂപ. |

## പ്രവർത്തനം - 8.

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ഹർഷം<br>- ആത്മവിശ്വാസ പരിപോഷണ പരിപാടി. | കുട്ടികളിലെ ആത്മവിശ്വാസം കുറവ് പരിഹരിക്കുന്നതിനുള്ള പരിപാടി.<br>- വ്യക്തിഗത വായന.<br>- കണ്ണിൽ നോക്കി കഥപറയാം.<br>- pair reading<br>- അതിഥിയോടൊപ്പം.<br>- അസംബ്ലിയിലെ അവതരണം.<br>- പൊതു അവതരണങ്ങൾ<br>- വിവിധ ചുമതലകൾ നൽകൽ<br>- വിലയിരുത്തലും പ്രോത്സാഹനവും. | ഒരു അധ്യയന വർഷം | അധ്യാപകർ<br>കുട്ടികൾ<br>BRC<br>പ്രവർത്തകർ<br>പൊതു പ്രവർത്തകർ | 5000/- രൂപ. |

## പ്രവർത്തനം 9

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ലഘു പരീക്ഷണങ്ങൾ | ശാസ്ത്ര ബോധം, ശാസ്ത്ര ചിന്ത, ശാസ്ത്രീയ മനോഭാവം, ശാസ്ത്രീയ അഭിരുചി തുടങ്ങിയ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി ലഘു പരീക്ഷണങ്ങൾ സഹായകമാണ്. ശാസ്ത്ര പാഠങ്ങൾ പരീക്ഷണങ്ങളിലൂടെ പഠിപ്പിക്കുന്നു. ആഴ്ചയിൽ ഒരിക്കൽ ഒരു പരീക്ഷണം പൊതുവേദിയിൽ അവതരിപ്പിക്കുന്നു. CPTA-യിലും ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. | ഒരു അധ്യയന വർഷം | കുട്ടികൾ അധ്യാപകർ | 5000/- രൂപ |

## പ്രവർത്തനം-10.

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിനാചരണ ക്വിസ് | എല്ലാ കുട്ടികൾക്കും GK എഴുതാൻ ബുക്ക് നൽകുന്നു. വാട്സ് ആപ് വഴി നൽകുന്ന ചോദ്യോത്തരങ്ങൾ കുട്ടികൾ എഴുതിയെടുന്ന് പഠിക്കുന്നു. ദിനാചരണ ദിവസം ക്വിസ് നടത്തുന്നു. കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു. | ഒരു അധ്യയന വർഷം | കുട്ടികൾ അധ്യാപകർ രക്ഷിതാക്കൾ | 5000/- രൂപ. |